# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1326

07.06.2018-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിനെ കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| എ) ആധുനിക സാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യത്തക്ക വിധത്തിൽ രജിസ്ട്രേഷൻ വകുപ്പിനെ കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) ഓപ്പൺ പേൾ (OPEN PEARL - Programme for Effective Administration of Registration Laws) എന്ന ഓൺലൈൻ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് നിലവിൽ സേവനം നല്കി വരുന്നത്. രജിസ്ട്രേഷൻ വകുപ്പിൽ നിന്നുള്ള സേവനങ്ങൾ കൂടുതൽ കാര്യക്ഷമമായി നൽകുന്നതിന്റെ ഭാഗമായി ഇ-പേയ്മെന്റ്, ഇ-സ്റ്റാമ്പിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഓഫീസിൽ ഹാജരാകാതെ തന്നെ അപേക്ഷിക്കുന്നതിനും ഓൺലൈനായി ഫീസ് അടയ്ക്കുന്നതിനും ഡിജിറ്റൽ ഒപ്പോടു കൂടിയ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാർട്ണർഷിപ്പ് ഫേം, സൊസൈറ്റി എന്നിവ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. ചിട്ടി രജിസ്ട്രേഷൻ പൂർണ്ണമായി ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| ബി) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ പ്രസ്തുത വകുപ്പിനെ അഴിമതി രഹിതമാക്കുന്നതിന് എത്രമാത്രം സഹായകമായെന്ന് വിശദമാക്കുമോ; | ബി) രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുവാനും, ഫീസുകൾ ഇ-പേയ്മെന്റ് സംവിധാനം വഴി ഒടുക്കുവാനും സാധിച്ചതോടെ ഓഫീസുകളിൽ കൈകാര്യം ചെയ്യുന്ന തുക വളരെയധികം കുറഞ്ഞിട്ടുണ്ട്. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ വന്നതോടെ പൊതുജനങ്ങൾക്ക് ഓഫീസിൽ വരാതെയും ഇടനിലക്കാരുടെ സഹായമില്ലാതെയും സേവനം ലഭിക്കുന്നതാണ്. ആധാര രജിസ്ട്രേഷനായി ഓഫീസിൽ |

| | |
|---|---|
| | ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി അറിയുന്നതിന് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും, ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ മുദ്രയും ഫീസും കണക്കാക്കുന്നതിനും, ആധാരത്തിന്റെ അത്യാവശ്യം വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തികൊണ്ട് ആധാര രജിസ്ട്രേഷൻ നടപടികൾ കൂടുതൽ സുതാര്യമാക്കിയിട്ടുണ്ട്. |
| സി) വകുപ്പിലെ ജീവനക്കാരെ കാലത്തിനനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ പ്രാപ്തരാക്കുന്നതരത്തിൽ പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി) രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ഓൺലൈൻ സേവനങ്ങൾ നൽകുന്ന പേൾ സോഫ്റ്റ് വെയറിൽ ജീവനക്കാർക്ക് പരിജ്ഞാനം നൽകുന്നതിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിലെ ഐ.എം.ജി സെന്ററുകളിൽ വച്ച് പരിശീലനം നൽകുന്നുണ്ട്. കൂടാതെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഐ.എം.ജി.കളിൽ എല്ലാ വർഷവും നടത്തിവരുന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന നേമം രജിസ്ട്രേഷൻ കോംപ്ലക്സ് പൂർത്തിയാകുന്നതോടെ വകുപ്പിന് സ്വന്തമായി പരിശീലന കേന്ദ്രം ലഭ്യമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**